കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കാളികാവ് ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം**

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം(4)/391/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,മലപ്പുറം

തിയ്യതി10-04-2019

സീനിയർഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കാളികാവ് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കാളികാവ് ബ്ലോക്ക്പഞ്ചായത്ത് 2017-18 സാമ്പത്തിക
വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാളികാവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി http://aims.ksad.kerala.gov.in/esubmission ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഇ-മെയിൽ)

2. അസി.ഡവലപ്പ്മെൻെറ് കമ്മീഷണർ (ജനറൽ ), മലപ്പുറം.

3. അസി.ഡവലപ്പ്മെൻെറ് കമ്മീഷണർ (പെർഫോമൻസ് ), മലപ്പുറം.

4. കാര്യാലയ പ്രതി.

എം.എ.4/19

നം.കെ.എസ്.എ.എം.പി.എം(4)/391/2019 തിയ്യതി:10-04-2019

**മലപ്പുറം ജില്ലയിലെ കാളികാവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രി കയിന്മേ ലുള്ള ഓഡിറ്റ് റിപ്പോർട്ട്**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ കാളികാവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 5.8.2017 മുതൽ 17.2.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

**ഓഡിറ്റ് നടത്തിയതിൻെറ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി .സുധാദാസ്, സീനിയർഡെപ്യൂട്ടിഡയരക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.2.2019 മുതൽ 27.2.2019 വരെ |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ**

| | |
|---|---|
| ശ്രീ. നസ്സീർ .ടി.കെ | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.മുഹമ്മദ് സലീം. | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.അമീൻ ഫൈസൽ ടി.ടി | ഓഡിറ്റർ |

**നിർവഹണാധികാരികൾ**

**പ്രസിഡന്റ്**

| | |
|---|---|
| ശ്രീ.പി.ഖാലിദ് മാസ്റ്റർ | 01.04.2017 മുതൽ 31.03.2018വരെ |

**സെക്രട്ടറി**

| | |
|---|---|
| ശ്രീ.പി.കേശവദാസ് | 01.04.2017 മുതൽ 15.05.2017 വരെ |
| ശ്രീ.യൂസഫ് .ടി | 16.05.2017 മുതൽ 24.06.2017 വരെ |
| ശ്രീ.പി.കേശവദാസ് | 25.06.2017 മുതൽ 08.01.2018 വരെ |
| ശ്രീ.യൂസഫ്.ടി | 09.01.2018 മുതൽ 19.02.2018 വരെ |
| ശ്രീ.പി.കേശവദാസ് | 20.02.2018 മുതൽ 31.03.2018 വരെ |

**നിർവഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എക്സി. എഞ്ചിനിയർ | ശ്രീ.സുമേഷ്.വി.ആർ | 01.04.2017മുതൽ 31.03.2018വരെ |
| അസി.എഞ്ചിനിയർ | ശ്രീ.സുബിൻ.എസ്.ജെ | 01.04.2017മുതൽ 31.03.2018വരെ |

| | | |
|---|---|---|
| അസി.ഡയറക്ടർ (കൃഷി) | ശ്രീമതി.സലീമ.പി.എ | 01.04.2017മുതൽ23.11.2017വരെ |
| - ടി- | ശ്രീ.സക്കീർ.എൻ.എം | 24.11.2017മുതൽ 06.12.2017വരെ |
| - ടി- | ശ്രീ.സിബി.വി | 07.12.2017മുതൽ 31.3.2018വരെ |
| സി.ഡി.പി.ഒ | ശ്രീമതി.യമുന വി.കെ | 01.04.2017മുതൽ31.03.2018വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | ഡോ.മുഹമ്മദ് നജീബ് | 1.04.2017 മുതൽ01.8.2017വരെ |
| -ടി - | ഡോ.ജൗഹർ | 02.08.2017 മുതൽ10.8.2017വരെ |
| -ടി - | ഡോ.ജസീല വളപ്പിൽ | 11.08.2017 മുതൽ31.3.2018വരെ |
| ഇൻഡസ്ട്രീസ് വ്യവയായ ഓഫീസർ | ശ്രീ.ശ്രീരാജ്.എം | 01.04.2017മുതൽ 31.03.2018വരെ |
| ക്ഷീര വികസനഓഫീസർ | ശ്രീമതി.ദിവ്യ.ജി.എൽ | 01.04.2017മുതൽ 31.03.2018വരെ |

**ഉള്ളടക്കം**


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| **ഭാഗം I ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം** | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | സാമൂഹ്യ ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കിലെ അപാകതകൾ | 1-12 |
| **ഭാഗം II വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ** | | |
| 13 | ടെണ്ടർ ഫീ തുക ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം | 2-1 |
| **ഭാഗം III ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ** | | |

| | | |
|---|---|---|
| 14 | റോഡ് പ്രവർത്തി -വെട്ടിയെടുത്ത മണ്ണ് ഫില്ലിങ്ങിൽ കുറവ് ചെയ്തില്ല -18900 /-രൂപ അധികം നൽകി | 3-1 |
| 15 | ഷീറ്റ് റൂഫിങ് -കനം കുറഞ്ഞ ഷീറ്റ് ഉപയോഗിച്ചു. | 3-2 |
| 16 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് ഉപകരണങ്ങൾ വാങ്ങൽ -അപാകതകൾ | 3-3 |
| 17 | വിനയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം | 3-4 |
| 18 | സി.എച്ച് .സി ,മരുന്നുകൾ ലഭ്യമാക്കണം | 3-5 |
| 19 | IAY വീട് -പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം | 3-6 |
| 20 | പ്രിൻെറിങ് -വാറ്റ് രജിസ്ട്രേഷനോടുകൂടിയ ബില്ല് ഹാജരാക്കിയിട്ടില്ല. | 3-7 |
| ഭാഗം IV<br><br>**ഓഡിറ്റ് പ്രത്യവലോകനം** | | |
| 21 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 22 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 23 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 24 | വായ്പ . വായ്പ തിരിച്ചടവ് | 4-4 |
| 25 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 26 | ഓഡിറ്റ് റിക്കവറി | 4-6 |
| 27 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 28 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 30 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | **അനുബന്ധം** | |
| 31 | ഓഡിറ്റ് സർട്ടിഫിക്കറ്റ് , | അനുബന്ധം-1 |

.

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

| ബജറ്റ് പാസ്സാക്കിയ തീയ്യതി/നമ്പർ | പരിഷ്കരിച്ച തീരുമാനം /നമ്പർ /തീയ്യതി |
|---|---|
| തീരുമാനം1(1)/ തീയ്യതി -21.3.2017 | തീരുമാനം1(1) /തീയ്യതി -21.3.2018 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2018 | 25.6.2018 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 27.06.2018 മുതൽ 28.06.2018 വരെ | കെ.എസ്.എ.എം.പി.എം(4)/1194/2018/5.7.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 42172087 |
| വരവ് | 113846935 |
| ആകെ | 156019022 |
| ചെലവ് | 124907916 |
| നീക്കിയിരിപ്പ് | 31111106 |

## 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം )

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി | ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 49180725 | 49180725 | 49180725 | 0 | 100% |
| വികസന ഫണ്ട്-എസ്.സി.പി | 0 | 14301403 | 14301403 | 14200806 | 100597 | 99 % |
| വികസനഫണ്ട്- | 0 | 1952000 | 1952000 | 977476 | 1004524 | 50% |

| | | | | | | |
|---|---|---|---|---|---|---|
| ടി.എസ്.പി | | | | | | |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 6260000 | 6260000 | 5905022 | 354978 | 94% |
| എം.ഡി.സി ബാങ്ക്- കാളികാവ് | 1661 | 0 | 1661 | 1661 | 0 | - |
| BPFA-1 | 0 | 16455 | 16455 | 16455 | 0 | - |
| കനാറ ബാങ്ക് SIG | 5173246 | 5844763 | 11018009 | 6504652 | 4513357 | - |
| HADA | 0 | 0 | 0 | 0 | 0 | - |
| PNB TSC | 0 | 0 | 0 | 0 | 0 | - |
| PNB SGSY | 1026399 | 1597360 | 2623759 | 754301 | 1869458 | - |
| SBT -ICDS | 0 | 0 | 0 | 0 | 0 | - |
| PNB- IAY | 0 | 0 | 0 | 0 | 0 | - |
| PNB -IAY | 35970781 | 26178935 | 62149716 | 62149716 | 0 | - |
| IAY കനാറ ബാങ്ക് | 0 | 33712650 | 33712650 | 9752980 | 23959670 | - |
| TSB -ജോയിൻവെഞ്ച്വർ | 0 | 5429496 | 5429496 | 4660875 | 768621 | - |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 99 | 105222464 | 92 | 71575547 | 7 | 0 | 93% |

# 1-7 തൊഴിലുറപ്പ് പദ്ധതി അവലോകനം

ഇല്ല

# 1-8 ക്ഷേമപ്പെൻഷനുകൾ

ഇല്ല

# 1-9 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-2.2019ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 0/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

1. എസ്.സി.ഡി.ഒ, സി.ഡി.പി.ഒ, അസി. എക്സി. എഞ്ചിനീയർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2. അസി. എക്സി. എഞ്ചിനീയർ സ്റ്റോക്ക് രജിസ്റ്റർ ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല. ടെണ്ടർ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ടെണ്ടർ രജിസ്റ്റർ,എം ബുക്ക് സ്റ്റോക്ക് രജിസ്റ്റർ ,ടെണ്ടർ ഫോം സ്റ്റോക്ക് രജിസ്റ്റർ ,ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള വരവുകൾ പ്രത്യേകം രേഖപ്പെടുത്തുന്ന സബ്സിഡിയറി രജിസ്റ്റർ എന്നിവയും സൂക്ഷിക്കുന്നില്ല.

3. കരാർ ഉടമ്പടികളിൽ പ്രവർത്തി പൂർത്തിയാക്കേണ്ട തീയതി രേഖപ്പെടുത്തുന്നില്ല.

4. സെക്രട്ടറി പ്രൊജക്ട് രജിസ്റ്റർ ,ടെണ്ടർ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.

5.ബ്ലോക്ക്തല പ്രൊക്യുർമെൻറ് കമ്മറ്റി മിനിറ്റ്സ് സൂക്ഷിക്കുന്നില്ല.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻറെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.07.2017 മുതൽ 02.08.2017 വരെ | 01.04.2016മുതൽ 30.06.2017 വരെ | 10.10.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.03.2014 മുതൽ 20.03.2014 വരെ | 2010-11 മുതൽ 2012-13വരെ | 14.11.2014 |

# 1-12 വാർഷിക കണക്ക് പരിശോധന -അപാകതകൾ

2017-18 വാർഷിക കണക്ക് അപാകതകൾ

(1)Liability in Respect Of Cheque ശീർഷകത്തിൽ AFS പ്രകാരം ബാദ്ധ്യതയില്ല.എന്നാൽ 450250101 ട്രഷറി ടി.എസ്.ബി.അക്കൗണ്ടിൽ 200/-രൂപയുടെ 13.03.2017 ലെ 1593696 നമ്പർ Un cashed cheque ഉണ്ട്

(2)Office Equipment and Other equipments ശീർഷകത്തിലെ asset ന് തൻവർഷം ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല

(3)അഡ്വാൻസ് രജിസ്റ്റർ പൂർണ്ണമല്ല ,ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

(4)ബാലൻസ് ഷീറ്റ് ,ഷെഡ്യൂൾ ബി-4 ൽ ഉൾപ്പെട്ട ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാൻറ് തുകകളുടെ കൃത്യത ഉറപ്പ് വരുത്താൻ ആവശ്യമായ രീതിയിൽ ഓരോ ഗ്രാൻറ് ഇനങ്ങൾക്കും പ്രത്യോകം എ.സി.ആർ സൂക്ഷിച്ചിട്ടില്ല.

(5)ക്യാഷ്ബുക്ക് ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

(6)മെയിൻറനൻസ് ഫണ്ട് റോഡിതര വരവ് AFS പ്രകാരം 5680022/-രൂപയും എ.സി.ആർ പ്രകാരം 5905022/-രൂപയും ആണ് .

## <u>ഭാഗം -2</u>

# <u>വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

# 2-1 ടെണ്ടർ ഫി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം

2015-16,2016-17,2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, മലപ്പുറത്തിൽ നിന്നും ലഭ്യമാക്കേണ്ട തുക ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടില്ല.GO(MS) No 318/2013/LSGD/28-09-2013 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കി. മേലുത്തരവ് പ്രകാരം ഇത്തരം പ്രവൃത്തികളുടെ ഓൺലൈൻ ഇടപാട്

വഴിയുള്ള ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ടെണ്ടർ നടപടികളുടെ ഭാഗമായി ക്രഡിറ്റ് ചെയ്യുന്നത്. ആയത് പ്രകാരം, പഞ്ചായത്ത് 2015-16,2016-17, 2017-18 വർഷങ്ങളിൽ ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തത് ബ്ലോക്ക് പഞ്ചാത്തിന് ലഭ്യമായിട്ടില്ല. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇത് സംബന്ധിച്ച് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അപേക്ഷ നൽകിയിട്ടില്ല. തുക പഞ്ചായത്തിന്റെ ആസ്തി-ബാധ്യത കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

താഴെപ്പറയുന്ന അസി.എക്സി.എൻജിനിയർ ടെൻണ്ടർ നടത്തിയ ഇ-ടെണ്ടർ ഫീ ഇനത്തിലുള്ള താഴെപ്പറയും പ്രകാരമുള്ള തുക ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കുന്നതിന്ന് നടപടി സ്വീകരിക്കേണ്ടതാണ്

| വർഷം | ടെണ്ടർ ഫീ തുക | നിർവ്വഹണോദ്യോഗസ്ഥൻ |
|---|---|---|
| 2015-16 | 66165/- | അസി.എക്സി.എൻജിനിയർ |
| 2016-17 | 379890/- | അസി.എക്സി.എൻജിനിയർ |
| 2017-18 | 190888/- | അസി.എക്സി.എൻജിനിയർ |

## ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 റോഡ് പ്രവൃത്തി -വെട്ടിയെടുത്ത മണ്ണ് ഫില്ലിങ്ങിൽ കുറവ് ചെയ്തില്ല -18900 രൂപ അധികം നൽകി

| | |
|---|---|
| പ്രൊജക്ട് നം | 94/18 നെടുമ്പട്ടിക്കുന്ന്പള്ളിപ്പടി റോഡ് അഭിവൃദ്ധിപ്പെടുത്തൽ |
| ചെലവ് / അടങ്കൽ | ചെലവ് -660886/-<br>അടങ്കൽ -800000/- |
| ബിൽ നമ്പർ | 38/2017-18/ 26.02.2018 |
| എം. ബുക്ക് | 39/2017-18 |
| എഗ്രിമെന്റ് നമ്പർ | AE/KKV/BP/36/2017-18, 16.01.2018 |
| കരാറുകാരൻ | ശ്രീ. റഹ്മത്തുള്ള |

ഫൈനൽ ബിൽ പ്രകാരം കോൺട്രാക്ടർക്ക് നിയമാനുസൃതമുള്ള കിഴിവുകൾ വരുത്തി 647668/- രൂപ നൽകുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയതിലെ അപാകതകൾ കാരണം ബ്ലോക് പഞ്ചായത്തിന്ന 18900/- രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. അളവ് പുസ്തകത്തിലെ ഇനം നമ്പർ ( 6)പ്രകാരം കരാറുകാരന്റെ മണ്ണ് ഉപയോഗിച്ച് 535.6 ക്യൂ. മീറ്ററിൽ മണ്ണ് ഫില്ലിംഗ് നടത്തിയതായി മൂല്യ നിർണ്ണയം നടത്തി കരാറുകാരന് തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രൊട്ടക്ഷൻ വാൾഫൗണ്ടേഷൻ ട്രെഞ്ചിംഗ് പ്രവൃത്തിയുടെ കട്ട് എർത്ത് 50.4 ക്യൂ. മീറ്റർ കുറവ് വരുത്താതെയാണ് മൂല്യ നിർണ്ണയം നടത്തിയത്. എസ്റ്റിമേറ്റ് റേറ്റ് 427.19/ക്യൂ. മീറ്റർ വരുന്ന പ്രവൃത്തിക്ക് കരാറുകാരൻ ക്വാട്ട് ചെയ്ത 375/ക്യൂ. മീറ്റർ പ്രകാരം 535.6 ക്യൂ. മീറ്ററിന്ന 200850/- രൂപ നൽകിയിട്ടുണ്ട്. 50.4 ക്യൂ. മീറ്ററിന്ന 18900 (50.4എം3 x 375/എം3) രൂപ അധികം നൽകിയിട്ടുണ്ട്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/26.2.19 -ന നൽകിയ മറുപടിയിൽ തുക കരാറുകാരനിൽ നിന്ന ഈടാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. തുക അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി നിലനിർത്തുന്നു.

# 3-2 കനം കുറഞ്ഞ ഷീറ്റ് ഉപയോഗിച്ച് റൂഫിംഗ് നടത്തി.

2017-18 വർഷ ഓഡിറ്റിന്റെ ഭാഗമായി 22.2.19 ന ഓഡിറ്റ് ടീം അസിസ്റ്റന്റ് എഞ്ചിനിയറുടെ സാന്നിധ്യത്തിൽ കാളികാവ് സി.എച്.സിയിൽ 2017-18 ൽ നിർവ്വഹണം നടത്തിയ കാളികാവ് സി.എച്.സി പുരോഗമനം. (66/18) എന്ന പ്രൊജക്റ്റ് പരിശോധന നടത്തി. 2017-18 ൽ സ്പിൽ ഓവറായി പൂർത്തീകരിച്ച ഈ പ്രവൃത്തിയിലെ അളവുകൾ പലതും അളവ് പുസ്തകത്തിൽ അവ്യക്തമായാണ് രേഖപ്പെടുത്തിയത് . മേൽക്കൂര പണിയുന്നതിനുള്ള സ്റ്റീൽ ട്രസ് വർക്കുകളുടെ അളവുകൾ അളവ് പുസ്തകത്തിൽ As per bill എന്ന മാത്രം രേഖപ്പെടുത്തിയാണ് അളവെടുത്തത്. അളവ് പുസ്തകം 3/16-17 പേജ് 15-ൽ 0.35 എം.എം കനമുള്ള ട്രഫോർഡ് ഷീറ്റ് ഉപയോഗിച്ച് മേൽക്കൂര 53.16 ചതുരശ്ര മീറ്റർ പണിതതിന്ന 559 രൂപ നിരക്കിൽ 29716 രൂപ നൽകിയിട്ടുണ്ട്. എന്നാൽ 0.3 എം.എം കനമുള്ള ട്രഫോർഡ് ഷീറ്റ് ഉപയോഗിച്ച്ണ് മേൽക്കൂര പണിതത് എന്ന സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടു. എസ്റ്റിമേറ്റിൽ വിഭാവനം ചെയ്ത ഗുണമേന്മയിൽ പ്രവൃത്തി ചെയ്തില്ല എന്നതിന്ന പുറമെ .3 എം.എം. കനമുള്ള റൂഫിംഗ് ഷീറ്റിട്ട് പ്രവൃത്തി ചെയ്തതാൽ നൽകാവുന്നതിലും കൂടുതൽ നൽകിയ തുക ഗ്രാമപഞ്ചായത്തിന നഷ്ടം വന്നിട്ടുണ്ട്.ഗുണനിലവാരം കുറഞ്ഞ പ്രവൃത്തി തെറ്റായി അളവെടുത്ത് അധികം തുക നൽകിയതിന്ന വിശദീകരണം നൽകേണ്ടതും അധികം നൽകിയ തുക കണക്കാക്കി തിരിച്ചടക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 8/25.02.2019 നൽകിയിട്ടുണ്ട്.

# 3-3 കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് ഉപകരണങ്ങൾ വാങ്ങൽ -അപാകതകൾ

| | | |
|---|---|---|
| പ്രൊജക്ട് -82/18 -വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | അടങ്കൽ 473959 (MGNR) | നിർവഹണം ബി.ഡി.ഒ |
| ബിൽ നം 4/17-18/30.6.17 -449855/- | നിർവ്വഹണം | സെക്രട്ടറി |

കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി സംരക്ഷണ ഗ്രാൻറ് (റോഡീതരം )വകയിരുത്തി തയ്യാറാക്കി അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ട് ആണ്.ടെൻണ്ടർ മുഖേന നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ പങ്കെടുത്തു

(1) പെന്റോസ് ,വേങ്ങര

(2)അലിഷ എന്റർ പ്രൈസസ്സ് ,മലപ്പുറം (നിരക്ക് രേഖപ്പെടുത്താത്ത ടെണ്ടർ )

എന്നീ സ്ഥാപനങ്ങൾ പങ്കെടുത്തതിൽ കുറവ് രേഖപ്പെടുത്തിയ പെൻറാസ് ,വേങ്ങര എന്ന സ്ഥപനത്തിന് താഴെപ്പറയുന്ന ഉപകരണങ്ങൾ വിതരണം ചെയ്യാൻ സപ്ലൈ ഓർഡർ നൽകി

(1) പ്രിന്റർ -7 എണ്ണം (1 വർഷ ഗ്യാരന്റി )

(2) കമ്പ്യൂട്ടർ -4 എണ്ണം (3 വർഷ ഗ്യാരന്റി )

(3) എ.സി -5 എണ്ണം (1.5 ടൺ ,5 സ്റ്റാർ -1 വർഷ ഗ്യാരന്റി)

സ്ഥാപനം താഴെപ്പറയും പ്രകാരം ഉപകരണങ്ങൾ വിതരണം നടത്തി

| നം | സ്ഥാപനം | എെറ്റം | എണ്ണം |
|---|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് | A/C 5 സ്റ്റാർ | 1 |
| | | പ്രിന്റർ | 3 |
| 2 | കാളികാവ് ഹെൽത്ത് സെന്റർ | കമ്പ്യൂട്ടർ | 1 |
| | | A/C 5 സ്റ്റാർ | 2 |
| | | | |

| | | | |
|---|---|---|---|
| | | പ്രിന്റർ | 1 |
| 3 | കരുവാരകുണ്ട് ഹെൽത്ത് സെന്റർ | കമ്പ്യൂട്ടർ | 1 |
| | | A/C 5 സ്റ്റാർ | 2 |
| | | പ്രിന്റർ | 1 |
| 4 | ICDS -കരുവാരക്കുണ്ട് | കമ്പ്യൂട്ടർ | 1 |
| | | പ്രിന്റർ | 1 |
| 5 | ICDS -പൂക്കോട്ടുംപാടം | കമ്പ്യൂട്ടർ | 1 |
| | | പ്രിന്റർ | 1 |

ഓഡിറ്റ് നിരീക്ഷണം

(1) ടെണ്ടർ ഫോം വില 1000 +GST (473959x0.2% =947 (1000/-രൂപ ) ആണ് 900+ GST മാത്രമാണ് ഈടാക്കിയത്.

(2) ടെണ്ടർ ലഭിച്ചപെന്റാസ്,വേങ്ങരസെക്യൂരിറ്റിഡപ്പോസിറ്റ്(5%ആയ23697/- രൂപ)പഞ്ചായത്തിൽഅടച്ചിട്ടില്ല

(3)വാങ്ങൽ സംബന്ധിച്ച് ബ്ലോക്ക് പ്രൊക്യൂർമെന്റ് മിനിറ്റ്സ് ,തീരുമാനം എന്നിവ ഹാജരാക്കിയിട്ടില്ല

(4)വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിൻെറ വിവരം ലഭ്യമാക്കിയിട്ടില്ല

(5)ടെക്നിക്കൽ അസിസ്റ്റൻെറിൻെറ സാക്ഷ്യപത്രം (സ്പെസിഫിക്കേഷൻപ്രകാരംഉള്ളതാണെന്ന് ) ഹാജരാക്കിയിട്ടില്ല

(6)MGNR (റോഡിതരം )ഫണ്ട് വിനിയോഗം സംബന്ധിച്ച ഉത്തരവ് (ജി.ഒ (എം.എസ് )330/2004/ത.സ്വ.ഭ.വ /9.12.2004,സർക്കുലർ 75326/എഫ്.എം-1/2007/ത.സ്വ.ഭ.വ /300.1.2008 ,(ജി.ഒ (എം.എസ് )300/2010/ ത.സ്വ.ഭ.വ /10.12.2010 ) പ്രകാരം റോഡീതരം ഫണ്ട് ഉപയോഗിച്ച് കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് മാത്രമേ വാങ്ങൽ നടത്താവൂ.പഞ്ചായത്ത് ഓഫീസിന് വാങ്ങുന്നതിന്ന് അനുവാദമില്ല.വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(7)ഉപകരണങ്ങളുടെ ഗ്യാരന്റി സംബന്ധിച്ച് സ്ഥാപനം സമർപ്പിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.മേൽ രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 449855/-രൂപ തടസ്സപ്പെടുത്തുന്നു (ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/17-18/26.2.2019 ) സമർപ്പിച്ച മറുപടിയിൽ പറയുന്ന സർക്കാർ ഉത്തരവ് (നം-11/2018/LSGD/29.1.2018 )പ്രകാരം കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ സേവനം മെച്ചപ്പെടുത്തുന്നതിന്ന് വേണ്ടി റോഡിതരം ഫണ്ട് വിനിയോഗിക്കാവൂ ബ്ലോക്ക് പഞ്ചായത്തിൻെറ സേവനം മെച്ചപ്പെടുത്താൻ ഉപയോഗിക്കാവുന്നതല്ല .

# 3-4 വിനയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം

(1)

| പ്രൊജക്ട് /പേര് | ബിൽ/വൗച്ചർ നമ്പർ | തുക/നൽകിയ സ്ഥാപനം | നിർവ്വഹണോദ്യഗസ്ഥൻ |
|---|---|---|---|
| 1/18-എെ.കെ.എം പ്രവർത്തന ഫണ്ട് | 9/17-18/17.7.17 (പ്ലാൻ ഫണ്ട് ) | 65540/- എെ.കെ.എം | ബി.ഡി.ഒ |
| ഗ്രൗണ്ട വാട്ടർ ഡിപ്പാർട്ട്മെൻെറിന് തുക നൽകിയത് | 21700077/15.5.17 (തനത് ഫണ്ട് ) | 40310/- കേരള ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെൻറ് | ബി.ഡി.ഒ (പ്രൊജക്ട് ഇല്ല ) |
| | ആകെ | 105850/- | |

(2)-(എ)

| | |
|---|---|
| പ്രൊജക്ട് | സമഗ്ര നെൽകൃഷി വികസനം 13/2018 |
| ചെലവ് /അടങ്കൽ | 1173000/ 2686000 |
| ബിൽ നമ്പർ | 748000/- ബിൽ നമ്പർ 1/2017-18, 28.09.2017<br>425000/- ബിൽ നമ്പർ 4/2017-18, 25.11.2017 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി അസി. ഡയറക്ടർ |

മേൽ പ്രൊജക്ട് പ്രകാരം യഥാക്രമം കരുളായി, ചോക്കാട് ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയ 33915/-, 118870/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2(ബി)

| | |
|---|---|
| പ്രൊജക്ട് | പച്ചക്കറി കൃഷിക്ക് കൂലി ചെലവ് സബ്സിഡി നൽകൽ - 24/2018 |
| ചെലവ് /അടങ്കൽ | അടങ്കൽ -1020000<br>ചെലവ് -476000 |
| ബിൽ നമ്പർ | 297500/- ബിൽ നമ്പർ 2/2017-18, 12.10.2017<br>85000/- ബിൽ നമ്പർ 3/2017-18, 15.10.2017<br>93500/- ബിൽ നമ്പർ 5/2017-18, 25.11.2017 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി അസി. ഡയറക്ടർ |

മേൽ പ്രൊജക്ട് പ്രകാരം കരുളായി ഗ്രാമ പഞ്ചായത്തിന് നൽകിയ 310710/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ പ്രൊജക്ടുകൾ പ്രകാരം ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾ ഫണ്ട് ചെലവഴിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിനിയോഗ സാക്ഷ്യ പത്രവും, ചെലവഴിക്കാൻ അവശേഷിക്കുന്നുണ്ടെങ്കിൽ ആയത് ബന്ധപ്പെട്ട ഹെഡിൽ അടവാക്കിയതിന്റെ രേഖകളും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.569345/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-5 മരുന്നുകൾ ലഭ്യമാക്കണം

കരുവാരകുണ്ട്, കാളികാവ് സി.എച്ച്.സി -കളിലേക്ക് മരുന്നുകൾ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് 626000/- രൂപ മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തിയ്യതി വരെ (25.02.2019 വരെ) 279746/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. 360592/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | കരുവാരകുണ്ട്, കാളികാവ് സി.എച്ച്.സി -കളിലേക്ക് മരുന്നുകൾ വാങ്ങൽ- 58/2018 |
| ചെലവ് /അടങ്കൽ | 626000/ 626000 |
| ബിൽ നമ്പർ | 626000/- ബിൽ നമ്പർ 4/2017-18, 21.10.2017 |
| നിർവ്വഹണ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി, കാളികാവ് |

| | | |
|---|---|---|
| ഉദ്യോഗസ്ഥൻ | | |
| മരുന്നുകൾ ലഭിച്ചത് | ഇൻവോയിസ് നമ്പർ | തുക |
| | 12154/09.11.2018 | 67704 |
| | 14740/22.12.2018 | 119497 |
| | 16165/17.01.2019 | 37774 |
| | 2361/17.01.2019 | 12237 |
| | 2360/17.01.2019 | 4289 |
| | 1403/09.11.2019 | 5352 |
| | 12159/09.11.2019 | 18555 |

പ്രൊജക്റ്റുകൾ പ്രകാരമുള്ള മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും, വിവരം ഓഡിറ്റിനെ അറിയിക്കുന്നതിനും നിലവിലെ മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തുന്നു.തുക360592/-രൂപ തടസ്സപ്പെടുത്തുന്നു

# 3-6 IAY വീട് -പൂർത്തീകരിക്കാൻ നടപടി സ്വൂകരിക്കണം

| വിഭാഗം | 2016-17 ൽഎഗ്രിമെന്റ് വച്ചവർ | പൂർത്തീകരിച്ചവർ | പൂർത്തീകരിക്കാൻ ബാക്കിയുള്ളവർ |
|---|---|---|---|
| ജനറൽ | 129 | 127 | 2 |
| പട്ടികജാതി | 41 | 37 | 4 |
| പട്ടികവർഗ്ഗം | 03 | 1 | 02 |
| ആകെ | 173 | 165 | 8 |

2017-18

| വിഭാഗം | 2017-18 ൽഎഗ്രിമെന്റ് വച്ചവർ | പൂർത്തീകരിച്ചവർ | പൂർത്തീകരിക്കാൻ ബാക്കിയുള്ളവർ |
|---|---|---|---|
| ജനറൽ | 20 | 19 | 1 |
| പട്ടികജാതി | 5 | 5 | 0 |
| പട്ടികവർഗം | 03 | 0 | 03 |
| ആകെ | 28 | 24 | 4 |

പൂർത്തീകരിക്കാത്ത വീടുകൾ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# 3-7 പ്രിന്റിംഗ് -ജി.എസ്.ടി ബില്ല് ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| പ്രൊജക്റ്റ് നം/പേര് -10/18 പദ്ധതി രൂപീകരണം | അടങ്കൽ-1300000 (പ്ലാൻ ജനറൽ) |
| ചെലവ്-130000 | ബില്ല്-16/17-1823.9.17 -99682/- രൂപ |
| നിർവ്വഹണം -ബി.ഡി.ഒ | |

മേൽ പ്രൊജക്ട് ചെലവ് പരിശോധിച്ചതിൽ വിവിധ അച്ചടി ജോലികൾ ചെയ്ത വകയിൽ ന്യൂ-വനിത ഓഫ് സെറ്റ് പ്രസ്സ് ,കാളികാവ് എന്ന സ്ഥാപനത്തിന് 99682/-രൂപ നൽകിയതിന്ന് സമർപ്പിച്ച ബില്ല് ജി.എസ്.ടി രജിസ്ട്രേഷനോട്ടുകൂടിയതല്ല .തുക നൽകിയതിൽനിന്ന് ജി.എസ്.ടി ഈടാക്കി അടവാക്കുകയോ ചെയ്തിട്ടില്ല ജി.എസ്.ടി (എസ്.ജി.എസ്.ടി ഉൾപ്പടെ ) ഇനത്തിൽ അടവാക്കിയ രേഖകൾ ഹാജരാക്കേണ്ടതാണ്.തുക തടസ്സപ്പെടുത്തുന്നു
(ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/17-18/26.2.2019 ) മറുപടി സമർപ്പിച്ചിട്ടില്ല.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 32624365 | പി.എം.എ.വൈവീടുകൾക്ക് ഗ്രാമപഞ്ചായത്ത് വിഹിതം | 21767125 | 10857240 |
| ജില്ലാ പഞ്ചായത്ത് | 29407128 | പി.എം.എ.വൈ വീടുകൾക്ക് ജില്ലാ പഞ്ചായത്ത് വിഹിതം | 18709500 | 1069762 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് നം / തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുക | |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | മുതൽ | പലിശ |
| ഐ.എ.വൈ. ലോൺ | ജി.ഒ.എം.എസ്. 90/14/2010തിയ്യതി 14.03.2013 | 11952000 | 1943329 | 1943329 | 170815 | 0 | 0 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

# 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരങ്ങൾ

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 156019022 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 124907916 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 18900/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1479474/- |

**ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 18900/- | അസി.എൻജിനിയർ, ശ്രീ.സുബിൻ.എസ്.ജെ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3(3) | 449855/- | സെക്രട്ടറി ശ്രീ.പി.കേശവദേവ് |
| 3(4) | 569345/- | 105850/-സെക്രട്ടറി ,ശ്രീ.പി.കേശവദേവ്<br>463495/-എ.ഡി.എ ,ശ്രീ.സക്കീർ .എൻ.എം |
| 3(5) | 360592 | മെഡിക്കൽ ഓഫീസർ ഡോ.ജസീല വളപ്പിൽ |
| 3(7) | 99682 | സെക്രട്ടറി ശ്രീ.പി.കേശവദേവ് |

**സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം**

ഇല്ല

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇല്ല**

**ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം**

**മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അസി.എൻജിനിയർ ശ്രീ.സുബിൻ.എസ്.ജെ | എൽ.എസ്.ജി.ഡി , കാളികാവ് ഡിവിഷൻ മലപ്പുറം ജില്ല | എസ്.ജെ.വില്ല, ഞാവേലിക്കോണം,കിളിമാനൂർ തിരുവനന്തപുരം ,695014 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| *ഓഡിറ്റ് വർഷം* | *ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം* | *തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം* |
|---|---|---|
| 2010-11 | എൽ.എഫ്.എം. 4/2487/12തിയ്യതി 08-05-2012 | 3 |
| 2011-12<br>2012-13 | എൽ.എഫ്.എം.4/838/2014 തിയ്യതി11-06-2014 ,05-07-2014 | 23 |
| 2013-14 | എൽ.എഫ്.എം. 4/638/2015തിയ്യതി 29-07-2015 | 6 |
| | | |

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2014-15 | കെ.എസ്.എ.എം.പി.എം.4/19/2016 തിയ്യതി15-01-2016 | 14 |
| 2015-16 | കെ.എസ്.എ.എം.പി.എം.4/561/2017തിയ്യതി 17-03-2017 | 11 |
| 2016-17 | കെ.എസ്.എ.എം.പി.എം.4/2364/2017 തിയ്യതി 30-11-2017 | 05 |

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,**
**ജില്ലാ ഓഡിറ്റ് കാര്യാലയം,**
**മലപ്പുറം.**

# അനുബന്ധം 1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.എം.പി.എം.(4)1194/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

ഫോൺ 04832734951

Email : dompm.ksad@kerala.govin

തിയ്യതി -05.07.2018

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215(6) വകപ്പ്, 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ടസ് ചട്ടങ്ങളിലെ

ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും 22-05-2018ലെ (സാധാ) 1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മലപ്പുറം ജില്ലയിലെ **കാളികാവ് ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18** വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ **2017-18** സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**സംസ്ഥാന ഓഡിറ്റ് വകുപ്പ്**